**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അസിസ്റ്റന്റ് സർജനായ ഡോ. ഹരീഷ്.എം.ആർ- നെ ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം.ഇ.എ1-1008/2016/ആ.വ.ഡ തീയതി 28.07.2016
2. ഡോ. ഹരീഷ്.എം.ആർ, അസിസ്റ്റന്റ് സർജന്റെ 26.07.2016 ലെ അപേക്ഷ
3. മേലെഴുത്ത് നം.ഇ.ബി4- 86481/2015/ആ.വ.ഡ തീയതി 05.10.2017

**ഉത്തരവ് നം. ഇ.എ1- 1008/2016/ആ.വ.ഡ തീയതി 12.10.2017**

പരാമർശം (1) പ്രകാരം, ഇ.എൻ.ടി സ്പെഷ്യാലിറ്റി യോഗ്യതയുള്ള മെഡിക്കൽ ആഫീസറൻമാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിലെ മുൻഗണനാ പ്രകാരം, മെഡിക്കൽ ആഫീസറൻമാരെ ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) പ്രകാരം, ഡോ. ഹരീഷ്.എം.ആർ, ഇ.എൻ.ടി എം.എസ് കോഴ്സിന് പഠിക്കുന്നതിനായി അവധിയിൽ പ്രവേശിച്ചിരിക്കുകയാണെന്ന് അറിയിച്ചിരുന്നു. ആയതിനാൽ ഡോ. ഹരീഷ്.എം.ആർ -നെ പരാമർശം (1) ലെ ഉത്തരവിൽ ഉൾപ്പെടുത്തി ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) തസ്തികയിൽ നിയമന ഉത്തരവ് നൽകിയിരുന്നില്ല.

പരാമർശം (3) പ്രകാരം, പി.ജി പഠനം പൂർത്തിയാക്കിയ ഡോ. ഹരീഷ്.എം.ആർ -നെ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധി ക്രമപ്പെടുത്തിന് വിധേയമായി ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഡോ. ഹരീഷ്.എം.ആർ, അസിസ്റ്റന്റ് സർജനെ **അടൂർ ജനറൽ ആശുപത്രിയിലെ** ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൻ ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമായിരിക്കും ടി തസ്തികയിലെ സീനിയോറിറ്റി പരിഗണിക്കുക. ടിയാൻ ജോലിയിൽ പ്രവേശിച്ച് ബന്ധപ്പെട്ട ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതുമാണ്.

0359050

GOVERNMENT OF KERALA

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. ഹരീഷ്.എം.ആർ. ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസറൻമാർ (ആരോഗ്യം)
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

**സീനിയർ സൂപ്രണ്ട്**

0359043

GOVERNMENT OF KERALA